19159
7/9/17

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-മാങ്കുളം ഡിവിഷനിലെ 1995 ചപ്പക്കുളം ബാംബൂ പ്ലാന്റേഷൻ, ചപ്പക്കുളം പൈൻ & അൾനസ് പ്ലാന്റേഷൻ എന്നിവ പരാജയപ്പെട്ടതുമായി ബന്ധപ്പെട്ട് ശ്രീ.കെ.ജെ.ജോസഫ്, റിട്ടയേർഡ്, സീനിയർ സൂപ്രണ്ടിനെതിരായ അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ(സാധാ)നം.324/2017/വനം തീയതി, തിരുവനന്തപുരം, 23.08.2017

---

പരാമർശം :
1) 27.10.2011 ലെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റ്റിഎം) ന്റെ ബി8-13059/09 നമ്പർ കത്ത്
2) 21.03.2012 ലെ 14810/എ1/2011/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3) 01.10.2013 ലെ സ.ഉ.(സാധാ) നം.386/2013/വനം ഉത്തരവ്
4) 19.06.2012 തീയതിയായി ശ്രീ.ബാബു.കെ.ഡാനിയേൽ, 22.11.2012 തീയതിയായി ശ്രീ.കെ.ജെ.ജോസഫ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ
5) 07.05.2013 ലെ ഡി&പി വിഭാഗം ഉപമുഖ്യ വനപാലകന്റെ ബി8-13059/09 നമ്പർ കത്ത്
6) 28.12.2013 ലെ സ.ഉ.(സാധാ) നം.533/2013/വനം ഉത്തരവ്
7) 26.11.2014 ലെ സ.ഉ.(സാധാ) നം.556/2014/വനം ഉത്തരവ്
8) 23.09.2015 തീയതിയായുള്ള സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും അന്വേഷണാധികാരിയുമായ ശ്രീ.അബ്ദുൾ അസീസിന്റെ ഡിഎഫ്ഒ എസ് ഡബ്ല്യു1/15 നമ്പർ അന്വേഷണ റിപ്പോർട്ട്
9) 26.06.2016 ലെ ഭരണ വിഭാഗം ഉപമുഖ്യ വനപാലകന്റെ ബി8-13059/09 നമ്പർ കത്ത്

**ഉത്തരവ്**

മാങ്കുളം ഡിവിഷനിലെ 1995 ചപ്പക്കുളം ബാംബൂ പ്ലാന്റേഷൻ, ചപ്പക്കുളം പൈൻ & അൾനസ് പ്ലാന്റേഷൻ എന്നിവ പരാജയപ്പെട്ടതുമായി ബന്ധപ്പെട്ട്

പരാമർശം (1) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വശ്രീ. ജി.എം.കൊച്ചുകാഞ്ഞിരം, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, കെ.ജെ.ജോസഫ്, സീനിയർ സൂപ്രണ്ട്, ബാബു.കെ.ഡാനിയേൽ, അപ്പർ ഡിവിഷൻ ക്ലാർക്ക് എന്നിവർക്ക് പരാമർശം (2) പ്രകാരം സർക്കാർ തലത്തിൽ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു. ശ്രീ.ജി.എം.കൊച്ചുകാഞ്ഞിരത്തിനെതിരെയുള്ള അച്ചടക്ക നടപടി പരാമർശം (3) പ്രകാരം തീർപ്പാക്കി ഉത്തരവായി.

2) സർവ്വശ്രീ കെ.ജെ.ജോസഫ്, ബാബു.കെ.ഡാനിയേൽ എന്നിവർക്കെതിരെയുള്ള കുറ്റങ്ങൾ താഴെ പറയുന്നവയാണ്.

(i) 1995 ചപ്പക്കുളം ബാംബൂ പ്ലാന്റേഷൻ, 1996 പൈൻ & അൽനസ് പ്ലാന്റേഷൻ-കല്ലാർ എന്നീ പ്ലാന്റേഷനുകളുമായി ബന്ധപ്പെട്ട ഫയലുകൾ, പ്ലാന്റേഷൻ ജേർണലുകൾ എന്നിവ ഹൈറേഞ്ച് സർക്കിൾ കൺസർവേറ്ററുടെ ഓഫീസിൽ നിന്നും പരിശോധനയ്ക്കു ശേഷം ടി ഡിവിഷനിലെ സെക്ഷൻ ക്ലാർക്ക് 08.03.2006 ൽ നേരിട്ട് രസീത് നൽകി കൈപ്പറ്റിയിട്ടുള്ളതാണ്. എന്നാൽ ടി ഫയലുകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിന് സെക്ഷൻ ക്ലാർക്കിന് ശ്രീ.കെ.ജെ.ജോസഫ് നിർദ്ദേശം നൽകുകയോ സെക്ഷൻ ക്ലാർക്കിന്റെ പേഴ്സണൽ രജിസ്റ്റർ പരിശോധിച്ച് ഫയൽ നടപടി തുടരുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തില്ല. യു.ഡി.ക്ലാർക്കായിരുന്ന ബാബു.കെ.ഡാനിയേൽ, സർക്കാർ നഷ്ടത്തിനുത്തരവാദികളായവർക്കെതിരെ നടപടിയെടുക്കുന്നതിനായി 08.03.2006 ൽ ടി ഫയൽ നേരിട്ട് കൈപ്പറ്റിയെങ്കിലും, 31.10.2006 വരെ നോട്ട് തയ്യാറാക്കി മേലുദ്യോഗസ്ഥർക്ക് സമർപ്പിച്ചില്ല.

(ii) ടിയാന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ അശ്രദ്ധയും അനാസ്ഥയും മൂലം സർക്കാർ ഫയലുകൾ നഷ്ടപ്പെടുന്നതിനിടയാക്കി.

(iii) പരാജിത തോട്ടങ്ങൾ മൂലം സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുവാൻ വേണ്ട തുടർ നടപടികൾ സ്വീകരിക്കാൻ പറ്റാത്ത അവസ്ഥയുണ്ടാക്കി.

(iv) ഇതു സംബന്ധിച്ച് കംട്രോളർ & ഓഡിറ്റർ ജനറലിന്റെ 31.10.2006 ൽ അവസാനിക്കുന്ന വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന് തൃപ്തികരമായ മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടാക്കി.

3) കുറ്റാരോപിതർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകൾ തൃപ്തികരമല്ലെന്ന് പരാമർശം (5) പ്രകാരം ഉപമുഖ്യ വനപാലകൻ അറിയിച്ചു.

4) കുറ്റാരോപിതരുടെ പ്രതിവാദ പത്രികകൾ തൃപ്തികരമല്ലാത്തതിനാലും ഈ വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനുമായി പരാമർശം (6), (7) പ്രകാരം ഒരു ഔപചാരികാന്വേഷണത്തിന് ഉത്തരവായി.

5) ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ പരാമർശം (8) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് അഭിപ്രായസഹിതം ലഭ്യമാക്കി.

6) അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളും അതിന്മേലുള്ള ഭരണ വിഭാഗം ഉപമുഖ്യ വനപാലകന്റെ പരാമർശം (9) പ്രകാരമുള്ള അഭിപ്രായവും ചുവടെ ചേർക്കുന്നു.

ശ്രീ.കെ.ജെ.ജോസഫ്, ജൂനിയർ സൂപ്രണ്ട് ആയി മാങ്കുളം ഡിവിഷനിൽ ജോലി ചെയ്തത് 30.05.2006 മുതൽ 09.11.2007 വരെയുള്ള കാലയളവിലായിരുന്നു. ടിയാൻ ചാർജ്ജെടുക്കുന്നത് സെക്ഷൻ ക്ലാർക്ക് ഫയൽ കൈപ്പറ്റി രണ്ടര മാസം കഴിഞ്ഞാണ്. ഫയലിന്റെ വിവരം ക്ലാർക്ക് ടിയാന്റെ പി.ആറിൽ രേഖപ്പെടുത്തിയിരുന്നില്ല. അതിനാൽ തന്നെ നടപടിയെടുക്കുവാൻ സാധിച്ചില്ല. ടിയാന്റെ മുൻഗാമിയായ ശ്രീ.കുഞ്ഞൻ ജൂനിയർ സൂപ്രണ്ടും ടി ക്ലാർക്കും ടിയാൻ ചാർജ്ജെടുക്കുന്നതിനു മുമ്പ് തന്നെ ഫയലുകൾ, റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം അന്നത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.കൊച്ചുകാഞ്ഞിരത്തിന് നൽകിയിരുന്നുവെന്നും പറഞ്ഞിട്ടുണ്ട്. പിന്നീട് ടി ഫയലുകൾ തിരികെ വന്നിട്ടില്ലായെന്നും സെക്ഷൻ ക്ലാർക്ക് വാക്കാൽ പോലും ഇക്കാര്യം ടിയാന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ലായെന്നും ഫയൽ നൽകിയ സമയത്ത് ജോലി ചെയ്തിരുന്ന ജൂനിയർ സൂപ്രണ്ടിനെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലായെന്നും ശ്രീ.കെ.ജെ.ജോസഫ് വാദിക്കുകയുണ്ടായി. 09.11.2007 വരെ മേലാഫീസുകളിൽ നിന്നും ഇതു സംബന്ധിച്ച് കത്തിടപാടുകൾ ഒന്നും നടത്തിയിട്ടില്ലായെന്ന ടിയാന്റെ വാദം കൂടി കണക്കിലെടുത്താൽ ശ്രീ.ജോസഫിനെതിരെയുള്ള കുറ്റാരോപണം നിലനിൽക്കുന്നതല്ലായെന്ന് അന്വേഷണാധികാരി കണ്ടെത്തുകയും ടി കണ്ടെത്തലിനോട് യോജിച്ചിരിക്കുന്നതായി ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ അറിയിക്കുകയും ചെയ്തു.

ശ്രീ.ബാബു.കെ.ഡാനിയേൽ ക്ലാർക്കായി 22.06.1993 മുതൽ 31.06.2006 വരെ മാങ്കുളം ഡിവിഷനിൽ ജോലി ചെയ്തിരുന്നു. ടിയാൻ യു.ഡി.സി. ആയി ജോലി നോക്കി വരവേ കുറ്റപത്രത്തിന് ആധാരമായ ഫയലുകൾ എച്ച്.ആർ.സി. ഓഫീസിൽ നിന്നും കൈപ്പറ്റുകയുണ്ടായി. ടിയാൻ അന്നത്തെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.കുഞ്ഞനുമായി ആലോചിച്ച് ടി ഫയലുകളിൽ ഒരു പ്രാഥമിക നോട്ട് തയ്യാറാക്കി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക്

സമർപ്പിച്ചതായി പറഞ്ഞിരുന്നത് അന്നത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.കൊച്ചുകാഞ്ഞിരം സമ്മതിച്ചിട്ടുമുണ്ട്. ടി ഫയലുകൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ടിയാന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചതിന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ടിയാനെ കുറ്റവിമുക്തനാക്കാവുന്നതാണെന്ന് അന്വേഷണാധികാരി ശുപാർശ ചെയ്തു.

ശ്രീ.ബാബു.കെ. ഡാനിയേൽ ടിയാന് ലഭിച്ച ഫയലുകൾ എം.ഓ.പി.യിൽ നിഷ്കർഷിക്കുന്ന പ്രകാരം പി.ആറിന്റെ പാർട്ട് എ യിൽ ചേർക്കുകയോ ആമുഖ കത്ത് പാർട്ട് ബി-യിൽ ചേർത്ത് നടപടിയെടുക്കുകയോ ചെയ്തിട്ടില്ലായെന്നും ചട്ടപ്രകാരമുള്ള ഓഫീസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലായെന്നും, എന്നിരുന്നാലും ഫയലിൽ നടപടി സ്വീകരിച്ചതായി കാണുന്നു. ഫയൽ സൂക്ഷിക്കുന്നതിന് പ്രാഥമിക ഉത്തരവാദിത്തമുണ്ടായിരുന്ന ടിയാനെ അന്വേഷണത്തിൽ കുറ്റവിമുക്തനാക്കിയത് അംഗീകരിക്കാവുന്നതല്ലായെന്ന് ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ അഭിപ്രായപ്പെട്ടു. സർക്കിൾ ഓഫീസിലും മറ്റു മേലാഫീസുകളിലും ഉള്ള ഫയലുകളിലെ രേഖകൾ ഉപയോഗിച്ച് തോട്ടങ്ങൾ പരാജയപ്പെടാനിടയാക്കിയ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെങ്കിൽ, റിട്ടയർ ചെയ്ത ഉദ്യോഗസ്ഥനെന്ന നിലയിൽ ദയാപരമായ സമീപനം സ്വീകരിച്ച് ടിയാനെ കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കുന്നതിന് ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ ശുപാർശ ചെയ്തു.

7) അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ ഫയലുകൾ ആ കാലങ്ങളിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.പി.കുഞ്ഞനുമായി ചേർന്ന് റിപ്പോർട്ട് തയ്യാറാക്കിയ ശേഷം കൂടുതൽ വിശദീകരണത്തിനും അഭിപ്രായത്തിനുമായി അന്നത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.കൊച്ചുകാഞ്ഞിരത്തെ ഏൽപ്പിച്ചു എന്ന ശ്രീ.ബാബു.കെ.ഡാനിയേലിന്റെ വാദം ശ്രീ.കൊച്ചുകാഞ്ഞിരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അംഗീകരിച്ചതായി കാണുന്നു. ടി ഫയലുകൾ ശ്രീ.ബാബു.കെ.ഡാനിയേൽ ടിയാന്റെ മേശപ്പുറത്തു വെയ്ക്കുയും അതിനെക്കുറിച്ച് ടിയാനോട് പറയുകയും ചെയ്തതായി ശ്രീ.കൊച്ചുകാഞ്ഞിരം സമ്മതിക്കുന്നു. എന്നാൽ ടി ഫയലുകൾ കുറച്ച് ദിവസം ടിയാന്റെ മേശപ്പുറത്ത് വെച്ചിരുന്ന ശേഷം ബഹു.കൊല്ലം റീജിയണൽ ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ, മാങ്കുളം ഡിവിഷൻ പരിശോധനയ്ക്ക് വരുന്നതു കൊണ്ട് ടി ഫയലുകൾ തിരികെ സെക്ഷനിലേയ്ക്ക് നൽകുന്നതിനായി വച്ചിരുന്ന ട്രേയിൽ നിക്ഷേപിച്ചിരുന്നതായും പിന്നീട് പരിശോധിച്ചിട്ടില്ലായെന്നും കൊച്ചു കാഞ്ഞിരം പറയുകയുണ്ടായി. ടി ഫയലുകൾ

അന്നത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.കൊച്ചുകാഞ്ഞിരത്തെ ഏൽപ്പിച്ചത് തനിക്കോർമ്മയില്ലെന്ന് ശ്രീ.കുഞ്ഞൻ പറഞ്ഞു.

8) സർക്കാർ മേൽ വിഷയം ബന്ധപ്പെട്ട രേഖകളുമൊത്ത് വിശദമായി പരിശോധിച്ചതിൽ ടി ഫയലുകൾ നഷ്ടപ്പെട്ടത് ശ്രീ.കെ.ജെ.ജോസഫിന്റെ കാലത്തല്ലെന്ന് ബോധ്യപ്പെട്ടു.

9) മേൽ സാഹചര്യത്തിൽ ശ്രീ.കെ.ജെ.ജോസഫിന്റെ വിഷയത്തിൽ ഔപചാരികാന്വേഷണ റിപ്പോർട്ടും അതിന്മേലുള്ള ഭരണ വിഭാഗം ഉപമുഖ്യ വനപാലകന്റെ അഭിപ്രായവും അംഗീകരിച്ച് ശ്രീ.കെ.ജെ.ജോസഫ്, സീനിയർ സൂപ്രണ്ടിനെതിരെ (റിട്ട) പരാമർശം (2) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

10) ശ്രീ. ബാബു.കെ.ഡാനിയേൽ, അപ്പർ ഡിവിഷൻ ക്ലാർക്കി(റിട്ട.) നെതിരെയുള്ള അച്ചടക്കനടപടി തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ
ശ്രീ.കെ.ജെ.ജോസഫ്, സീനിയർ സൂപ്രണ്ട് (റിട്ട)
(ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ